## പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം.
## (ഹാജർ: കെ.രവികുമാർ–പാലക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസർ–വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ അധിക ചുമതല)

വിഷയം:– പൊ.വി. എയ്ഡഡ്–പ്രൈമറി– തസ്തിക നിർണ്ണയം 2015–2016–ശ്രീമതി.വിജയമ്മ.ആർ.,എൽ.പി.എസ്.എ., പി.കെ. എം.എൽ.പി സ്ക്കൂൾ പല്ലശ്ശന–പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:– (1) കൊല്ലങ്കോട് എ.ഇ.ഒ യുടെ പൂർണ്ണ അധികചുമതലയുള്ള സീനിയർ സൂപ്രണ്ടിന്റെ ഉത്തരവ് നം.ഡിഡിസ് എഫ്/1189/15 തിയതി 30/04/2016

(2) കൊല്ലങ്കോട് എ.ഇ.ഒ യുടെ എഫ്/1605/16 നമ്പർ കത്തുകൾ.

(3) ഈ കാര്യാലയത്തിലെ ഇതേ നം.22/12/16 തിയതിയിലെ കത്തുകൾ.

**ഉത്തരവ് കെ.ഡിസ് നം.ബി3/17766/2016 തിയതി: 04/02/2017**

പരാമർശം 2 നം.01/09/16 തിയതിയിലെ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെടുന്ന പല്ലശ്ശന പി.കെ.എം.എൽ.പി. സ്ക്കൂളിലെ ശ്രീമതി. രാജശ്രീ.കെ. യെ എൽ.പി.എസ്.എ യെ സംരക്ഷിതാദ്ധ്യാപകരുടെ പട്ടികയിലുൾപ്പെടുത്തി ജി.എൽ.പി.സ്ക്കൂൾ ചള്ളയിലെ പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സഹായിയായി കാര്യാലയത്തിൽ നിന്ന് പുനർവിന്യസിച്ച് ഉത്തരവായിരിക്കുന്നുവെന്നും ടിയാരിയെ 2015–2016 അദ്ധ്യയന വർഷത്തെ തസ്തികാനിർണ്ണയത്തിലനുവദിച്ച 5–ാം മത്തെ തസ്തികയിൽ നിലനിർത്തി മാതൃവിദ്യാലയത്തിൽ തുടരാൻ അനുമതി തരണമെന്നും, ശ്രീമതി.വിജയമ്മയെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തണമെന്നും അപേക്ഷിച്ചിരുന്നു.

പരാമർശനം 1 തസ്തികനിർണ്ണയ ഫലയും അനുബന്ധരേഖകളും പരിശോധിച്ചതിൽ പല്ലശ്ശന കെ.എം.എൽ.പി. സ്ക്കൂളിന് 2015–2016 വർഷത്തിൽ 05 തരങ്ങളും തസ്തികകളും അനുവദിച്ചിട്ടുണ്ടെന്ന് മനസ്സിലായി. തസ്തികനിർണ്ണയ ഉത്തരവിന്റെ റിമാർക്സിൽ ജൂനിയറായ ശ്രീമതി.വിജയമ്മയെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ ഈ കാര്യാലയത്തിലേക്ക് നൽകിയിരുന്നില്ല. മാത്രവുമല്ല ടിയാരിയെക്കാൾ സീനിയറായ ശ്രീമതി. രാജശ്രീ, ശ്രീമതി. പ്രീജമോൾ എന്നീ അദ്ധ്യാപകരുടെ പേരാണ് സംരക്ഷിതാദ്ധ്യാപകരുടെ പട്ടികയിലുൾപ്പെടുത്താൻ നൽകുകയും ചെയ്തു.

സീനിയറായ അദ്ധ്യാപകരുടെ പേര് സംരക്ഷിതാദ്ധ്യാപകരുടെ പട്ടികയിൽ ഉൾപ്പെടുത്തി പുനർവിന്യസിക്കുന്നതിന് നിർദ്ദേശിക്കുകയും ജൂനിയറായ അദ്ധ്യാപികയെ നിലനിർത്തിയ നടപടി ഗുരുതരമായ കൃത്യവിലോപമായി ഈ കാര്യാലയം വീക്ഷിക്കുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ശ്രീമതി.വിജയമ്മ.ആർ., എൽ.പി. എസ്.എ യെ 04/12/2002 ലെ ജി.ഒ (പി)നം.403/02/പൊ.വി. ഉത്തരവ് പ്രകാരം ഫോക്ക് ലീഡർ എന്ന നിലയിൽ നിലനിർത്താൻ കഴിയും എന്ന തെറ്റായ ധാരണ മൂലമാണ് സീനിയർ അദ്ധ്യാപകരെ സംരക്ഷിതാദ്ധ്യാപക പട്ടികയിൽ ഉൾപ്പെടുത്താൻ പേര് സമർപ്പിച്ചതെന്നും അറിവില്ലായ്മയും മൂലം ചെയ്ത നടപടി മാപ്പാക്കണമെന്നും കൊല്ലങ്കോട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അപേക്ഷിച്ചു.

കൊല്ലങ്കോട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ വിശദീകരണം സ്വീകരിച്ച് ശ്രീമതി. വിജയമ്മ. ആർ., എൽ.പി.എസ്.എ യെ സംരക്ഷിതാദ്ധ്യാപകരുടെ പട്ടികയിൽ ഉൾപ്പെടുത്തി ജി.യു.പി.എസ്. കൊഴിഞ്ഞാമ്പാറയിലെ മാതൃത്വ അവധി ഒഴിവിൽ പുന.വിന്യസിച്ച് ഉത്തരവാകുന്നു. ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട് 2015–2016 വർഷത്തെ തസ്തികകൾ പുനർനിർണ്ണയിച്ച് ഉത്തരവാക്കേണ്ടതാണ്.

(ഒപ്പ്)

വിദ്യാഭ്യാസ ഉപഡയറക്ടർ,
പാലക്കാട്.

പകർപ്പ്:–
(1) ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്,
(2) പ്രധാനാദ്ധ്യാപകൻ, പി.കെ.എം.എൽ.പി. സ്ക്കൂൾ പല്ലശ്ശന, പാലക്കാട്
(3) പ്രധാനാദ്ധ്യാപകൻ, ജി.യു.പി.എസ്. കൊഴിഞ്ഞാമ്പാറ, പാലക്കാട്
(4) ശ്രീമതി. വിജയമ്മ.ആർ.
(5) ഫയൽ